പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T 3361 | 14/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>വെളിച്ചെണ്ണയിൽ മായം കലർത്തി കച്ചവടം</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പായ്ക്കറ്റ് വെളിച്ചെണ്ണയിൽ പാം കെർണൽ ഓയിൽ, പാമോയിൽ എന്നിവ വ്യാപകമായി കലർത്തി കച്ചവടം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ;വിശദമാക്കുമോ; | എ) | ക ണ്ടെത്തിയിട്ടുണ്ട് . |
| ബി) | തമിഴ് നാട്ടിലെ കങ്കായം, പൊള്ളാച്ചി എന്നിവിടങ്ങളിലെ മിക്സിംഗ് പ്ലാന്റുകളിൽ നിന്നും മായം കലർന്ന വെളിച്ചെണ്ണയുമായി എത്തുന്ന ടാങ്കർ ലോറി പരിശോധിക്കുവാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ; | ബി) | തമിഴ്നാട്ടിലെ കങ്കായം, പൊള്ളാച്ചി എന്നിവിടങ്ങളിലെ മിക്സിംഗ് പ്ലാന്റുകളിൽ നിന്നു വെളിച്ചെണ്ണയുമായി എത്തുന്ന ടാങ്കർ ലോറി പരിശോധിക്കുവാൻ സംവിധാനമുണ്ട് . പ്രസ്തുത ടാങ്കറുകളിൽ നിന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എൻ എ ബി എൽ അക്രഡിറ്റേഷനുള്ള ഭക്ഷ്യസുരക്ഷാ അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട് . |
| സി) | നിരോധിച്ച കമ്പനികൾ വെളിച്ചെണ്ണ പുതിയ പേരിൽ വിപണിയിൽ ഇറക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | സി) | നിരോധിച്ച കമ്പനികൾ വെളിച്ചെണ്ണ പുതിയ പേരിൽ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിരോധിച്ച കമ്പനികൾ പുതിയ പേരിൽ വെളിച്ചെണ്ണ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ